STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.382/PR/SPMC/PHQ/2021 Date:28.08.2021

**കോവിഡ് പ്രതിരോധം: ഐ.പി.എസ് ഓഫീസർമാർക്ക് ജില്ലകളുടെ ചുമതല നൽകി**

ജില്ലകളിലെ കോവിഡ് പ്രതിരോധം സംബന്ധിച്ച പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കോവിഡ് കൺട്രോൾ സ്പെഷ്യൽ ഓഫീസർമാരായി ഐ.പി.എസ് ഓഫീസർമാരെ നിയോഗിച്ചു. ഈ സംവിധാനം തിങ്കളാഴ്ച നിലവിൽ വരും.

കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി കെ.സേതുരാമന് കണ്ണൂർ, കാസർകോഡ് ജില്ലകളുടെ ചുമതലയാണ് നൽകിയിരിക്കുന്നത്. തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി സഞ്ജയ് കുമാർ ഗുരുദിൻ തിരുവനന്തപുരം റൂറൽ, കൊല്ലം ജില്ലകളുടെ ചുമതല വഹിക്കും. ആലപ്പുഴ, എറണാകുളം ജില്ലകളുടെ ചുമതല എറണാകുളം റെയ്ഞ്ച് ഡി.ഐ.ജി നീരജ് കുമാർ ഗുപ്തയ്ക്കാണ്. തൃശൂർ റെയ്ഞ്ച് ഡി.ഐ.ജി എ.അക്ബറിന് നൽകിയത് തൃശൂർ, പാലക്കാട് ജില്ലകളാണ്. മലപ്പുറത്ത് ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാണ്ടന്റ് വിവേക് കുമാറും കോഴിക്കോട് റൂറലിൽ കെ.എ.പി രണ്ടാം ബറ്റാലിയൻ കമാണ്ടന്റ് ആർ.ആനന്ദും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

*************************